# റോഡപകട പ്രഥമ ശുശ്രൂഷ സെമിനാർ

**പ്രിയ പൊതുജനങ്ങളെ, വാഹനമോടിക്കുന്നവരെ,**

**പൊതുജനങ്ങൾക്കും, വാഹനമോടിക്കുന്നവർക്കുമായി റോഡപകട പ്രഥമ ശുശ്രൂഷ സെമിനാർ 22-10-06, ഞായറാഴ്ച രാവിലെ 11 മുതൽ 2 വരെ Y.M.C.A.യുടെ ആഭിമുഖ്യത്തിൽ അയൽക്കുന്നം ക്രിസ്തുരാജ് ഹോസ്പിറ്റലിൽ വച്ച് നടത്തുന്നു**.

ഇതിന്റെ **ഉത്ഘാടനം** 11 മണിക്കുള്ള പ്രാരംഭ യോഗത്തിൽ **മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ ശ്രീ ഉമ്മൻചാണ്ടി** നിർവഹിക്കുന്നതും **ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടിഷനേഴ്സ് സംസ്ഥാന സെക്രട്ടറി ഡോ. എം.സി. സിറിയക് അദ്ധ്യക്ഷം** വഹിക്കുന്നതുമായിരിക്കും **. പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റ്റി. ആർ രഘുനാഥൻ, അയൽക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ജോർജ്ജുകുട്ടി, ജില്ലാ പഞ്ചായത്ത് മെംമ്പർ ഫ്ലോറി മാത്യു** എന്നിവർ സംസാരിക്കുന്നതായിരിക്കും.

തുടർന്ന് **കേരളത്തിലെ അസ്ഥിരോഗ വിദഗ്ദരുടെ സംഘടനയുടെ സംസ്ഥാന I.T. സെക്രട്ടറിയായ ഡോ. എം.എൽ. ജിമ്മി** റോഡപകടങ്ങൾ വരാതിരിക്കാൻ പാലിക്കേണ്ട മെഡിക്കൽ കാര്യങ്ങളെക്കുറിച്ചും **അപകടത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ നൽകേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ചും** ക്ലാസെടുത്ത് പരിശീലനം നൽകുന്നതാണ്. റോഡപകടങ്ങൾ കാരണമല്ലാതെ വരുന്ന **സാധാരണ കാണുന്ന തലചുറ്റൽ, തീപ്പൊള്ളൽ, വിഷബാധ, പാമ്പുകടി, ഹൃദയാഘാതം** മുതലായ അത്യാഹിതങ്ങൾക്കായി ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ചും **ശ്വാസോച്ഛ്വാസവും ഹൃദയ പ്രവർത്തനവും നിലച്ചാൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും** ക്ലാസ്സെടുക്കുന്നതാണ്.

വർദ്ധിച്ചു വരുന്ന റോഡപകടങ്ങളുടെ സാഹചര്യത്തിൽ റോഡപകടങ്ങൾ വന്നാൽ ചെയ്യേണ്ടതായ പ്രഥമ ശുശ്രൂഷാ കാര്യങ്ങളെക്കുറിച്ച് എല്ലാ പൊതുജനങ്ങളും വാഹനമോടിക്കുന്നവരും അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ തന്നെ ജോലി സ്ഥലങ്ങളിലും ഭവനങ്ങളിലും ഉണ്ടാകുന്ന അത്യാഹിതങ്ങൾക്കായി ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. അതിനായി ലഭിച്ചിരിക്കുന്ന ഈ അവസരം ഉപയോഗപ്പെടുത്തണമെന്നും ഈ സെമിനാറിനെ വിജയമാക്കി മാറ്റണമെന്നും **അഭ്യർത്ഥിക്കുന്നു.**

shalem 2578201